# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1768** — **04.12.2018-ൽ മറുപടിയ്ക്ക്**

## തലസ്ഥാനത്ത് കെ.എസ്.ആർ.ടി.സി യുടെതല്ലാത്ത ബസ് സ്റ്റാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി) | |
| എ | തലസ്ഥാന നഗരിയിൽ കെ.എസ്.ആർ.ടി.സി യുടേതല്ലാത്ത എത്ര ബസ് സ്റ്റാന്റുകൾ നിലവിൽ പ്രവർത്തിച്ച് വരുന്നുവെന്നും അവ എവിടെയൊക്കെയാണെന്നും ഇവ ഏതൊക്കെ ഗവൺമെന്റ്/ ഗവൺമെന്റ് ഇതര ഏജൻസികളാണ് നിർമ്മിച്ച് പരിപാലിച്ച് വരുന്നത് എന്നും അറിയിക്കുമോ; | എ, ബി, സി, ഡി, & ഇ | തിരുവനന്തപുരം നഗരസഭയുടെ അധീനതയിൽ നിലവിൽ കെ.എസ്.ആർ.ടി.സി യുടേതല്ലാത്ത ബസ് സ്റ്റാന്റുകൾ ഒന്നും ഇല്ല. |
| ബി | ഇത്തരം ബസ് സ്റ്റാന്റുകളിൽ കെ.എസ്.ആർ.ടി.സി ബസുകൾക്ക് പുറമേ സ്വകാര്യ ബസുകൾക്കും കയറാനും യാത്രക്കാരെ എടുക്കുന്നതിനും അനുമതി ഉണ്ടോ; എങ്കിൽ സർക്കാരോ/ സർക്കാർ ഏജൻസികളോ നിർമ്മിച്ച് നൽകിയിട്ടുള്ള ഇത്തരം സ്റ്റാന്റുകളിൽ സ്വകാര്യ ബസ്സുകൾ ഓരോ തവണയും കയറി ഇറങ്ങുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ബസ്സുകൾക്കും എത്ര വീതം; എന്നിവ വ്യക്തമാക്കുമോ; | | |
| സി | ഇങ്ങനെ ഫീസ് നൽകി കയറുന്ന സ്വകാര്യ ബസ്സുകൾക്ക് എത്ര നേരമാണ് പാർക്കിംഗ് അനുമതിയുള്ളത്; വിവരം നൽകുമോ; | | |
| ഡി | ഗവൺമെന്റോ / ഗവൺമെന്റ് ഏജൻസികളോ നിർമ്മിച്ച് പരിപാലിച്ച് വരുന്ന ഇത്തരം ബസ് സ്റ്റാന്റുകളിൽ സ്വകാര്യ ബസ്സുകൾക്ക് ഓരോ തവണയും എൻട്രി ഫീസില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത | | |

| | | | |
|---|---|---|---|
| | തീരുമാനത്തിനാധാരമായ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | | |
| ഇ | എൻടി ഫീസ് നിലവിലുണ്ടെങ്കിൽ അടുത്തെങ്ങാനും ആയത് പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുദ്ദേശമുണ്ടോ എന്നറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ